206922

# വാർഷിക റിപ്പോർട്ട്

## 1983-'84

(സംക്ഷിപ്തരൂപം)

കേരള കാർഷിക സർവകലാശാല

206922

MALAYALAM

VARSHIKA REPORT, 1983–'84

Copies 250

March, 1985

Published by
The Director of Extension
Kerala Agricultural University
Mannuthy, Trichur-680 651. Kerala

Printed at
Kerala Agricultural University Press
Mannuthy

KAU

# ഉള്ളടക്കം


| | | |
|---|---|---|
| അവലോകനം | — | 1 |
| പൊതുഭരണം | — | 6 |
| വിദ്യാഭ്യാസം | — | 9 |
| ഗവേഷണം | — | 15 |
| വിജ്ഞാനവ്യാപനം | — | 24 |
| എഞ്ചിനീയറിങ്ങ് | — | 25 |
| എസ്റ്റേററ് | — | 26 |
| ധനകാര്യം | — | 27 |

# അവലോകനം

കേരള കാർഷിക സർവകലാശാലയുടെ 12-ാം വാർഷിക റിപ്പോർട്ട് ജനറൽ കൗൺസിൽ മുമ്പാകെ എക്സിക്യൂട്ടീവ് കമ്മിററി അവതരിപ്പിക്കുന്നു. 1983 ഏപ്രിൽ 1 മുതൽ 1984 മാർച്ച് 31 വരെയുള്ള കാലയളവിൽ പൊതുഭരണം, വിദ്യാഭ്യാസം, ഗവേഷണം, വിജ്ഞാനവ്യാപനം, മരാമത്ത്, ധനകാര്യം, എസ്റേററ് എന്നീ ശീർഷകങ്ങളിൽ സർവകലാശാലയുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള സാമാന്യവിവരണം ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു,

റിപ്പോർട്ടുവർഷത്തിൽ ശ്രീ. ടി. മാധവമേനോൻ വൈസ് ചാൻസലറായി തുടർന്നു. ആഗസ്ററ് 4-ാംതിയ്യതി ശ്രീ. ഇ. ദാമോദരമാരാർ റജിസ്ട്രാർ പദവിയിൽ നിന്നു വിരമിച്ചു, അന്നേദിവസം ശ്രീ. തോമസ് സി. ജോർജ്ജ് റജിസ്ട്രാർ ആയി ചാർജെടുത്തു; നടപ്പുവർഷം ശേഷിച്ച കാലം ആ പദവിയിൽ തുടർന്നു. ശ്രീ എൻ. എം. അബ്ദുൾ ഖാദിർ കംപ്ട്രോളറായും ശ്രീ. കെ. കൃഷ്ണപിള്ള ഡയറക്ടർ ഓഫ് ഫിസിക്കൽ പ്ളാൻറ് ആയും തുടരുകയുണ്ടായി. ഡോ. എൻ. സദാനന്ദൻ, ഡോ. എം. കൃഷ്ണൻ നായർ, ഡോ. എം. ജെ. സെബാസ്ററ്യൻ എന്നിവർ യഥാക്രമം കൃഷി, വെററിനറി ആൻറ് അനിമൽ സയൻസസ്, ഫിഷറീസ് എന്നീ ഫാക്കൽട്ടികളുടെ ഡീൻമാരായി തുടർന്നു. ഡോ. പി. സി. ശിവരാമൻ നായർ ഗവേഷണവിഭാഗം ഡയറക്ടറായി തുടർന്നുപോന്നു. വിജ്ഞാനവ്യാപനവിഭാഗം ഡയറക്ടറായിരുന്ന ഡോ. വി. എസ്. എസ്. പോററി ഏപ്രിൽ 30-നു പെൻഷൻ പററി പിരിഞ്ഞു; ഒക്ടോബർ 31-നു ഡോ. എ. ജി. ജി. മേനോൻ വിജ്ഞാനവ്യാപന വിഭാഗത്തിൻെറ ഡയറക്ടർ സ്ഥാനം ഏറെറടുക്കുന്നതുവരെ അസോഷ്യേററ് ഡയറക്ടറായ ഡോ. ജി. ആർ. നായർ ചാർജുവഹിച്ചു. ഹോർട്ടിക്കൾച്ചർ കോളേജിൻെറ അസോഷ്യേററ് ഡീനായി ഡോ. പി. കെ. ഗോപാലകൃഷ്ണൻ തുടർന്നു; തവന്നൂരിലെ ഇൻസ്ററി

റ്റ്യൂട്ട് ഓഫ് അഗ്രിക്കൾച്ചറൽ ടെക്നോളജിയുടെ ഡയറക്ടറായി ശ്രീ. കെ. കരുണാകരനും തുടരുകയുണ്ടായി.

നടപ്പുവർഷത്തിൽ സർവകലാശാലയുടെ ജനറൽ കൗൺസിലും എക്സിക്യൂട്ടീവ് കമ്മിററിയും പുനസ്സംഘടിപ്പിക്കുകയുണ്ടായി. ജനറൽ കൗൺസിൽ മൂന്നു തവണ യോഗം ചേർന്നു. മുൻ വൈസ് ചാൻസലർ ശ്രീ. എൻ. കാളീശ്വരനു ഓണററി ഡോക്ടറേററ് ബിരുദം നൽകാൻവേണ്ടി ഒരു പ്രത്യേക ബിരുദദാന സമ്മേളനം സംഘടിപ്പിക്കുകയുണ്ടായി.

എക്സിക്യൂട്ടീവ് കമ്മററി 13 തവണ യോഗം ചേർന്നു. ഏഴു സബ്കമ്മിററികൾ പുനസംഘടിപ്പിക്കപ്പെട്ടു.

അക്കാദമിക് കൗൺസിൽ 3 പ്രാവശ്യം സമ്മേളിക്കുകയുണ്ടായി.

# വിദ്യാഭ്യാസം

വെള്ളായണിയിലെ കാർഷിക കോളേജ്, മണ്ണുത്തിയിലെ വെറററിനറി കോളേജ്, വെള്ളാനിക്കരയിലെ ഹോർട്ടിക്കൾച്ചർ കോളേജ്, പനങ്ങാട്ടെ ഫിഷറീസ് കോളേജ്, തവനൂരിലെ ഇൻസ്ററിററ്യൂട്ട് ഓഫ് അഗ്രികൾച്ചറൽ ടെക്നോളജി എന്നിവയാണ് സർവകലാശാലയുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ. അഗ്രിക്കൾച്ചർ, വെറററിനറി ആൻറ് അനിമൽ സയൻസസ്, ഹോർട്ടിക്കൾച്ചർ, ഫിഷറീസ്, കോ ഓപ്പറേഷൻ ആൻറ് ബാങ്കിങ് എന്നീ വിഷയങ്ങളിൽ ബാച്ചിലർ ബിരുദത്തിനുവേണ്ടിയുള്ള കോഴ്സുകൾ നടത്തി. അഗ്രിക്കൾച്ചർ, വെറററിനറി ആൻറ് അനിമൽ സയൻസ്, ഹോർട്ടിക്കൾച്ചർ എന്നീ വിഷയങ്ങളിൽ മാസ്ററർ ബിരുദത്തിനും ഡോക്ടറേററിനും അഗ്രിക്കൾച്ചറൽ എൻജിനീയറിങ്, അഗ്രിക്കൾച്ചറൽ സ്ററാററിസ്ററിക്സ് എന്നീ വിഷയങ്ങളിൽ മാസ്ററർ ബിരുദത്തിനും വേണ്ടിയുള്ള കോഴ്സുകൾ അഗ്രിക്കൾച്ചർ കോളേജിലും വെറററിനറി കോളേജിലും ഹോർട്ടിക്കൾച്ചർ കോളേജിലും നടത്തുകയുണ്ടായി. നടപ്പുവർഷത്തിൽ 143 പേർക്ക് അഗ്രിക്കൾച്ചറിനും 69 പേർക്ക് വെറററിനറിക്കും 29 പേർക്ക് ഫിഷറീസിനും 32 പേർക്ക് സഹകരണ ബാങ്കിങ് കോഴ്സിനും പ്രവേശനം നൽകി. 62 പേർക്ക് എം എസ് സി (അഗ്രി)യ്ക്കും 14 പേർക്ക് എം വി എസ് സിക്കും 10 പേർക്ക് എം എസ് സി (ഹോർട്ടി)ക്കും 5 പേർക്ക് എം എസ് സി (അഗ്രി എൻജിനീയറിങ്) കോഴ്സിനും 4 പേർക്ക് എം എസ് സി (സ്റ്റാററ്)ക്കും 8 പേർക്ക് പി എച്ച് ഡി (അഗ്രി)യ്ക്കും 4 പേർക്ക് പി എച്ച് ഡി (വെറററിനറി)യ്ക്കും പ്രവേശനം നൽകി. ഫുഡ് ആൻറ് ന്യൂട്രിഷൻ വിഷയത്തിൽ പോസ്ററുഗ്രാജുവേററ്

ഡിപ്ളോമയ്ക്ക് അഗ്രികൾച്ചർ കോളേജിൽ 3 പേർക്ക് പ്രവേശനം കൊടുത്തു. തവനൂരിലെ അഗ്രി. ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ കൃഷിശാസ്ത്രത്തിൽ 17 പേരും അഗ്രി. എൻജിനീയറിങ്ങിൽ 17 പേരും ഡിപ്ളോമയ്ക്കുവേണ്ടി ചേർന്നു. റിപ്പോർട്ടുവർഷം പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾ ഉൾപ്പടെ 1665 വിദ്യാർത്ഥികൾ സർവകലാശാലയുടെ അഞ്ചു വിദ്യാഭ്യാസ സ്ഥാപനങ്ങളിലായി അധ്യയനം നടത്തിയിരുന്നു.

1983-84 വർഷത്തിൽ 110 പേർക്ക് കൃഷി ശാസ്ത്രത്തിലും 49 പേർക്കു മൃഗ ചികിൽസയിലും 37 പേർക്കു ഹോർട്ടിക്കൾച്ചറിലും ബാച്ചിലർ ബിരുദം നൽകി, കൃഷിശാസ്ത്രത്തിൽ 32 പേരും മൃഗ ചികിൽസാ ശാസ്ത്രത്തിൽ 17 പേരും ഹോർട്ടിക്കൾച്ചറിൽ 5 പേരും അഗ്രി. സ്റ്റാറ്റിസ്റ്റിക്സിൽ 5 പേരും അഗ്രി. എൻജിനീയറിങ്ങിൽ 2 പേരും മാസ്റ്റർ ബിരുദം നേടി. ഡോക്ടറേറ്റ് ബിരുദം കൃഷി ശാസ്ത്രത്തിൽ 4 പേർക്കും മൃഗചികിൽസാ ശാസ്ത്രത്തിൽ ഒരാൾക്കും നൽകുകയുണ്ടായി. കൃഷി ശാസ്ത്രത്തിൽ 43 പേർക്കും അഗ്രി. എൻജിനീയറിങ്ങിൽ 24 പേർക്കും ഡിപ്ളോമ നൽകി. റബ്ബറുല്പാദനത്തിൽ പി. ജി. ഡിപ്ളോമ 5 പേർക്കും വെറ്ററിനറി സയൻസിൽ പി. ജി. ഡിപ്ളോമ 21 പേർക്കും നൽകുകയുണ്ടായി.

സർവകലാശാലയിലെ അധ്യാപക സംഖ്യ 411 ആയിരുന്നു.

## ഗവേഷണം

പ്രാദേശിക പരിത:സ്ഥിതികൾ കണക്കിലെടുത്തുകൊണ്ട് കർഷകരുടെ പ്രശ്നങ്ങൾക്കു പോംവഴി കാണുകയെന്നതു മുഖ്യമായ ലക്ഷ്യമാക്കിക്കൊണ്ടാണു ഗവേഷണം നടന്നത്. ഗവേഷണ പദ്ധതികളുടെ ആസൂത്രണം, തുടർച്ചയായ നിരീക്ഷണം, ഗവേഷണഫലങ്ങളുടെ വിലയിരുത്തൽ എന്നിവയ്ക്കായി പ്രോജക്ട് കോ-ഓർഡിനേഷൻ കമ്മിറ്റികൾ (കൃഷി 17, വെറ്ററിനറി 7) നടപ്പു വർഷത്തിലും സജീവമായി പ്രവർത്തിച്ചു. ഓരോ ഫാക്കൽട്ടിക്കും ഓരോ ഫാക്കൽട്ടി റിസർച്ച് കമ്മിറ്റിയുണ്ട്; ഈ കമ്മിറ്റികളാണു അതാതു തുറകളിലെ ഗവേഷണ പ്രവർത്തനങ്ങളെ വിലയിരുത്തുന്നത്. അഗ്രിക്കൾച്ചർ ഫാക്കൽട്ടിയിൽ നടപ്പുവർഷം 159 ഗവേഷണ പ്രോജക്ടുകളും വെറ്ററിനറി ഫാക്കൽട്ടിയിൽ 15 ഗവേഷണ പ്രോജക്ടുകളും നടപ്പു വർഷം അംഗീകരിക്കുകയുണ്ടായി.

അഗ്രിക്കൾച്ചർ ഫാക്കൽട്ടിയിൽ 18 ഗവേഷണ കേന്ദ്രങ്ങളും 6 ഗവേഷണ യൂണിറ്റുകളുമുണ്ട്. കരമനയിലെ മോഡൽ അഗ്രോണമിക് ഗവേഷണകേന്ദ്രം, ഐകാർപ്പ് യൂണിറ്റുമായി സംയോജിപ്പിച്ച് വിളവ്യവസ്ഥാ ഗവേഷണ കേന്ദ്രമായി പുനസംഘടിപ്പിക്കുക

യുണ്ടായി. വെററിനറി ഫാക്കൽട്ടിയിൽ 3 ഗവേഷണ കേന്ദ്രങ്ങളു ണ്ട്. കൃഷിശാസ്ത്രത്തിൽ 23 എണ്ണവും മൃഗശാസ്ത്രത്തിൽ 3 എണ്ണവും ഫിഷറീസിൽ ഒന്നും അടക്കം ആകെ 27 ഏകോപിത ഗവേഷണ പ്രോജക്ടുകൾ ഏറെറടുത്തു നടത്തുന്നു. 9 അഡ്ഹോക് പ്രോജ ക്ടുകളും (കൃഷി ശാസ്ത്രത്തിൽ 4, വെററിനറിയിൽ 5) രണ്ടു ഓപ്പറേഷണൽ റിസർച്ചു പ്രോജക്ടുകളും നടക്കുന്നുണ്ട്. കാർഷിക ഗവേഷണ കേന്ദ്രങ്ങളിൽ 348 പേരും വെററിനറി ഗവേഷണ കേന്ദ്ര ങ്ങളിൽ 50 പേരും ഫിഷറീസിൽ 9 പേരും അടക്കം ആകെ 407 സാങ്കേ തിക വിദഗ്ധർ ഗവേഷണ രംഗത്തു പ്രവർത്തിക്കുന്നു.

# വിജ്ഞാനവ്യാപനം

സംസ്ഥാനത്തു വിവിധ വികസന വകുപ്പുകളിൽ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്കു സാങ്കേതിക വി ജ്ഞാനം പകർന്നുകൊടുക്കുക, വിവിധ മാധ്യമങ്ങളിലൂടെ കൃഷി ക്കാർക്കു സാങ്കേതിക ശാസ്ത്രീയ വിവരങ്ങൾ ലഭ്യമാക്കുക, സന്നദ്ധ സേവാസംഘങ്ങൾക്കും മററു വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സാങ്കേ തിക സഹായമെത്തിക്കുക എന്നിവയാണ് വിജ്ഞാനവ്യാപനവിഭാഗം ഏറെറടുത്തിരിക്കുന്ന മുഖ്യചുമതലകൾ.

വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾക്കായി പരിശീലന പരി പാടികളും ദേശീയ പ്രദർശന സംവിധാനവും കൃഷിവിജ്ഞാന കേന്ദ്ര ങ്ങളും ഗ്രാമബന്ധ പദ്ധതിയും കമ്മ്യൂണിക്കേഷൻ സെൻററുമെല്ലാം ബാധ്യതപ്പെട്ടിരിക്കുന്നു. ഘടകകോളജുകളിലെയും ഗവേഷണ കേ ന്ദ്രങ്ങളിലേയും സാങ്കേതിക വിദഗ്ധർ വിജ്ഞാനവ്യാപന പ്രവർത്ത നങ്ങൾക്കു കൂടി ബാദ്ധ്യസ്ഥരാണ്. അവരെ കൂടാതെ, വിജ്ഞാന വ്യാപനത്തിനായി പ്രത്യേക പദ്ധതികളും നിലവിലുണ്ട്. ഈ തുറയിൽ മൊത്തം 65 സാങ്കേതിക വിദഗ്ധർ പ്രവർത്തിക്കുന്നു. നടപ്പുവർഷം 29 പരിശീലനപരിപാടികൾ ഏറെറടുത്തു. സംസ്ഥാ നത്തിൻെറ വിവിധ ഭാഗങ്ങളിലായി 11 പ്രദർശനങ്ങൾ സംഘടിപ്പിച്ചു. കളർ ലബോറട്ടറി പ്രവർത്തനം തുടങ്ങി. ഫാം ഉപദേശക സർവ്വീസ് നേരിട്ട് 36 ജില്ലാതല സെമിനാറുകൾ നടത്തി.

# എൻജിനീയറിങ് വിഭാഗം

സ്ററാഫ് ക്വാർട്ടേഴ്സ്, ഹോസ്ററലുകൾ, ലബോറട്ടറി കെ ട്ടിടങ്ങൾ മുതലായവ നടപ്പുവർഷം പണിതീർക്കാനായി. റോഡു പണിയും ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്തലും ബയോഗ്യാസ് പ്ളാൻറ് നിർമ്മാണവും ഈ വർഷം ഏറെറടുക്കുകയുണ്ടായി.

# എസ്റേററ്

1983-84 വർഷത്തിൽ 53,770.21 കി. ഗ്രാം റബ്ബർ വെള്ളാനിക്കര എസ്റേററിൽ ഉല്പാദിപ്പിച്ചു. റിപ്പോർട്ടുവർഷം 8,00,878.49 രൂപ റബ്ബർ വിററ വകയിൽ കിട്ടി. സ്ളോട്ടർ ടാപ്പിങ്ങിൽനിന്നും 1,32,685.55 രൂപ വരുമാനമുണ്ടായി.

# ധനകാര്യം

കേരള സർക്കാരിൽനിന്നും ഐ. സി. ഏ. ആറിൽ നിന്നും ലഭിച്ച ഗ്രാൻറായിരുന്നു സർവകലാശാലയുടെ മുഖ്യ ധനാഗമമാർഗം. നടപ്പുവർഷം ബഡ്ജററിൽ 1141.17 ലക്ഷം രൂപാ വരവും 1130.84 ലക്ഷം രൂപാ ചെലവുമാണ് പ്രതീക്ഷിച്ചത്. പക്ഷേ മൊത്തം വരവ് 1177.70 ലക്ഷവും ചെലവ് 998.68 ലക്ഷവും അങ്ങനെ നീക്കിയിരിപ്പ് 179.02 ലക്ഷവുമായിരുന്നു. □

# പൊതുഭരണം

1971 ഫെബ്രുവരി 21 ന് കേരള കാർഷിക സർവകലാശാല നിലവിൽ വന്നു. സർവകലാശാലയുടെ ആസ്ഥാനം വെള്ളാനിക്കരയിലാണ്. സർവകലാശാലയ്ക്ക് നാലു പാന ക്യാമ്പസ്സുകളുണ്ട്. വെള്ളായണിയിലെ കാർഷിക കോളേജ് ക്യാമ്പസ്, മണ്ണുത്തിയിലെ വെററിനറി കോളേജ് ക്യാമ്പസ്, പനങ്ങാട്ടെ ഫിഷറീസ് കോളേജ് ക്യാമ്പസ്, തവനൂരിലെ കാർഷിക സാങ്കേതിക ഇൻസ്ററിററ്യൂട്ട് ക്യാമ്പസ് എന്നിവയാണവ. ഇവ കൂടാതെ സംസ്ഥാനത്തിൻെറ വിവിധ ഭാഗങ്ങളിലായി 21 ഗവേഷണ കേന്ദ്രങ്ങളുമുണ്ട്. ദേശീയ കാർഷിക ഗവേഷണപദ്ധതി നിലവിൽ വന്നപ്പോഠം ഇവയിൽ 5 കേന്ദ്രങ്ങഠം മേഖലാ കാർഷിക ഗവേഷണകേന്ദ്രങ്ങളായി പുനസ്സംഘടിപ്പിക്കപ്പെട്ടു. പീലിക്കോട്, പട്ടാമ്പി, കുമരകം, വെള്ളായണി, അമ്പലവയൽ എന്നീ കേന്ദ്രങ്ങളാണിവ.

ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിൽ നിന്നും സംസ്ഥാന സർക്കാരിൽ നിന്നുമാണ് സർവകലാശാലാ നടത്തിപ്പിനുള്ള ധനസഹായം മുഖ്യമായി ലഭിക്കുന്നത്. കേരള കാർഷിക വികസന പദ്ധതി, ദേശീയ കാർഷിക ഗവേഷണ പദ്ധതി, കേരള കാർഷിക വ്യാപന പദ്ധതി (ടി ഏൻറ് വി), മററ്റിസ്റേററ് കാഷ്യുപ്രോജക്ട് എന്നിവയും സർവകലാശാലയ്ക്ക് ധനസഹായമെത്തിക്കുന്നുണ്ട്.

സംസ്ഥാന ഗവർണറാണ് സർവകലാശാലയുടെ ചാൻസലർ, പ്രോചാൻസലർ സംസ്ഥാന കൃഷിമന്ത്രിയും. സർവകലാശാലയുടെ മുഖ്യഭരണാധികാരി വൈസ്ചാൻസലറാകുന്നു. ഭരണനിർവഹണം റജിസ്ട്രാറുടേയും ധനകാര്യം കംപ്ട്രോളറുടേയും ചുമതലയാണ്. ഗവേഷണ കാര്യങ്ങഠംക്കു മേൽനോട്ടം വഹിക്കാൻ ഗവേഷണ ഡയറക്ടറുണ്ട്. വിജ്ഞാനവ്യാപനവും പബ്ളിക് റിലേഷൻസും കൈകാര്യം ചെയ്യാൻ വിജ്ഞാനവ്യാപന ഡയറക്ടറുമുണ്ട്. വിദ്യാഭ്യാസ കാര്യങ്ങളുടെ ചുമതല അതതു ഫാക്കൽട്ടികളിലെ ഡീൻമാർക്കാകുന്നു.

മരാമത്തു പണികളുടെ മേൽനോട്ടം ഫിസിക്കൽ പ്ലാൻറു ഡയറക്ടർക്കാണ്.

സർവകലാശാലയുടെ ഭരണ സമിതികൾ ഇനി പറയുന്നവയാകുന്നു.

ജനറൽ കൗൺസിൽ

എക്സിക്യൂട്ടീവ് കമ്മിററി

അക്കാദമിക് കൗൺസിൽ

ഫാക്കൽട്ടികൾ

ഫാക്കൽട്ടി ബോർഡ് ഓഫ് സ്ററഡീസ്

# ജനറൽ കൗൺസിൽ

സർവകലാശാലയുടെ പരമോന്നതാധികാരസഭയാണ് ജനറൽ കൗൺസിൽ. ആകെ 57 അംഗങ്ങളാണ് ജനറൽ കൗൺസിലിൽ–18 സ്ഥാനോപാത്തംഗങ്ങളും 18 തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളും. സംസ്ഥാനത്തെ മൂന്ന് സർവകലാശാലകളുടെ ഓരോ പ്രതിനിധികളും ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിൻെറ ഒരു പ്രതിനിധിയും ഇതിലുണ്ടായിരിക്കുന്നതാണ്. മുമ്മൂന്ന് കൊല്ലത്തിലൊരിക്കൽ ജനറൽ കൗൺസിൽ പുനസ്സംഘടിപ്പിക്കപ്പെടുന്നു. റിപ്പോർട്ടുവർഷത്തിൽ 3 പ്രാവശ്യം ജനറൽ കൗൺസിൽ കൂടുകയുണ്ടായി.

# എക്സിക്യൂട്ടീവ് കമ്മിററി

സർവകലാശാലയുടെ മുഖ്യ ഭരണനിർവഹണ സമിതിയാണ് എക്സിക്യൂട്ടീവ് കമ്മിററി. വൈസ് ചാൻസലർ അദ്ധ്യക്ഷനായിരിക്കുന്ന എക്സിക്യൂട്ടീവ് കമ്മിററിയിൽ ആകെ 11 അംഗങ്ങളുണ്ടായിരിക്കും. മൂന്ന് സ്ഥാനോപാത്തംഗങ്ങളും ജനറൽ കൗൺസിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട ആറ് അംഗങ്ങളും ഐ.സി.എ. ആറിൻെറ പ്രതിനിധിയും ഇതിലുൾപ്പെടുന്നു. നടപ്പുവർഷം 11 തവണ എക്സിക്യൂട്ടീവ് കമ്മിററി യോഗം ചേരുകയുണ്ടായി.

# അക്കാദമിക് കൗൺസിൽ

സർവകലാശാലയിലെ വിവിധ ഫാക്കൽട്ടികളിലെ പഠനനിലവാരം ഉന്നതമാനങ്ങളിൽ നിർത്താൻ ചുമതലപ്പെട്ട സമിതിയാണ് അക്കാദമിക് കൗൺസിൽ. റിപ്പോർട്ടുവർഷത്തിൽ 3 പ്രാവശ്യം അക്കാദമിക് കൗൺസിൽ യോഗം ചേരുകയുണ്ടായി.

## ബോർഡ് ഓഫ് സ്ററഡീസ്

അക്കാദമീയ നിലവാരം പുലർത്തുന്നതിന് വേണ്ട ഉപദേശക സമിതികളായിട്ടാണ് ഓരോ ഫാക്കൽട്ടിയുടേയും ബോർഡ് ഓഫ് സ്ററഡീസ് വർത്തിക്കുന്നത്. അഗ്രിക്കൾച്ചർ, വെററിനറി, ഫിഷറീസ് എന്നിങ്ങനെയുള്ള മൂന്നു ഫാക്കൽട്ടികൾക്കാണ് ബോർഡ് ഓഫ് സ്ററഡീസ് ഉള്ളത്. ഈ ബോർഡുകളുടെ കാലാവധി 15.12.83 ന് തീർന്നിരിക്കുകയാണ്. പുനസ്സംഘടനയ്ക്കുള്ള നടപടികൾ എടുത്ത് കൊണ്ടിരിക്കുന്നു.

## സർവകലാശാല-ഘടന

അഗ്രിക്കൾച്ചർ, വെററിനറി ആൻറ് അനിമൽ സയൻസസ്, ഫിഷറീസ്, ബേസിക് സയൻസ് ആൻറ് ഹ്യുമാനിററീസ്, കോ-ഓപ്പറേഷൻ, ഹോം സയൻസ്, അഗ്രിക്കൾച്ചറൽ എൻജിനീയറിങ്ങ്, ഫോറസ്ട്രി എന്നിങ്ങനെയുള്ള ഫാക്കൽട്ടികളാണ് സർവകലാശാലാ ആക്ടിൽ വിഭാവനം ചെയ്തിരിക്കുന്നത്. ഇവയിൽ ആദ്യത്തെ മൂന്നെണ്ണമേ ഇപ്പോൾ സംസ്ഥാപിക്കപ്പെട്ടിട്ടുള്ളു.

## ഗവേഷണ കൗൺസിൽ

ഗവേഷണ പദ്ധതികൾ ആസൂത്രണം ചെയ്യാനും സുഗമമായ പ്രവർത്തനത്തിനുവേണ്ട ഉപദേശങ്ങൾ നൽകാനുമായി റിസർച്ചു കൗൺസിൽ, റിസർച്ച് അഡ്വൈസറി കമ്മിററി, ഫാക്കൽട്ടി റിസർച്ചു കമ്മിററി, പ്രോജക്ട് കോ-ഓർഡിനേഷൻ കമ്മിററി എന്നിവ രൂപീകരിക്കപ്പെട്ടിട്ടുണ്ട്. ദക്ഷിണേന്ത്യയിലെ കാർഷിക സർവകലാശാലകളിലെ ശാസ്ത്രജ്ഞരുടെ പ്രതിനിധികളും സംസ്ഥാനത്തെ ഇതര സർവകലാശാലകളുടെ പ്രതിനിധികളും കേരള കാർഷിക സർവകലാശാലയിലെ ഗവേഷകരുടെ സമിതിയായ റിസർച്ച് കൗൺസിലിൽ അംഗങ്ങളാണ്.

☐

# വിദ്യാഭ്യാസം

## കാർഷിക കോളേജ്, വെള്ളായണി

1955 ൽ തിരുവനന്തപുരത്ത് വെള്ളായണിയിൽ കാർഷിക കോളേജ് സ്ഥാപിതമായി. 243 ഹെക്ടർ വിസ്തൃതിയുണ്ട് കാർഷിക കോളേജ് ക്യാമ്പസിന്. 1962 ൽ ബിരുദാനന്തര പഠനത്തിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തി. 1972 ൽ കേരള കാർഷിക സർവകലാശാല നിലവിൽ വന്നപ്പോൾ കാർഷികകോളേജ് സർവകലാശാലയുടെ ഘടക കോളേജുകളിലൊന്നായി.

റിപ്പോർട്ടുവർഷത്തിൽ ഡോ. എൻ. സദാനന്ദൻ ഡീനായി തുടർന്നു. ഡോ. എം. എം. കോശി റിസർച്ച് കോ-ഓർഡിനേഷൻ പ്രൊഫസറായും തുടർന്നു.

കാർഷികകോളേജിൽ 14 ഡിപ്പാർട്ടുമെന്റുകളുണ്ട്. ഹോംസയൻസ് ഡിപ്പാർട്ടുമെന്റ് റിപ്പോർട്ടുവർഷത്തിൽ പ്രവർത്തനമാരംഭിച്ചു. ജൂലായ് മുതൽ അമ്പൂരിപ്രദേശത്തെ ആദിവാസികളുടെ സാമൂഹിക—സാമ്പത്തിക ഉന്നമനം ലക്ഷ്യമാക്കിക്കൊണ്ടുള്ള അഖിലേന്ത്യാ ഏകോപിത കാർഷിക ഗവേഷണ പദ്ധതി പ്രവർത്തനം തുടങ്ങി.

അഖിലേന്ത്യാതലത്തിലും സംസ്ഥാനതലത്തിലുമുള്ള ഒട്ടേറെ സെമിനാറുകളും സിംപോസിയങ്ങളും കോളേജിൽവെച്ചുനടന്നു. സർവകലാശാലയുടേയും കൃഷിവകുപ്പിന്റേയും സംസ്ഥാന പ്ലാനിങ് ബോർഡിന്റേയും സംയുക്താഭിമുഖ്യത്തിൽ, കേരളത്തിലെ നെല്ലുൽപാദനത്തിൽ വന്നിട്ടുള്ള നിശ്ചലത എന്നവിഷയത്തെക്കുറിച്ചു നടന്ന സംസ്ഥാനതല സെമിനാറും ഇന്ത്യൻ സൊസൈററി ഓഫ് അഗ്രിക്കൾച്ചറൽ കെമിസ്ററ്സിന്റെ 16-ാം വാർഷികത്തോടനുബന്ധിച്ചു നടന്ന അമ്ളമണ്ണിലെ വളം വിനിയോഗം എന്ന വിഷയത്തിൽ നടന്ന സിംപോസിയവും എടുത്തുപറയത്തക്കതത്രേ. മൈക്കോളജി

ക്കൽ സൊസൈററി ഓഫ് ഇന്ത്യയുടെ 11 ാം വാർഷികത്തോടനുബന്ധിച്ചു നടന്ന നാഷനൽ സിംപോസിയവും എൻററമോളജി അസോസിയേഷന്റെ നേതൃത്വത്തിൽ നടന്ന മൂന്നാം ഓറിയൻറൽ എൻററമോളജി സിംപോസിയവും പ്രത്യേക പരാമർശമർഹിക്കുന്നു. പ്രൊഫ. സി. വി. സുബ്രഹ്മണ്യൻ, ഡോ. പി. എൻ. നരസിംഹൻ, ഡോ. കെ. കൃഷ്ണമൂർത്തി, ഡോ. റോബർട്ട് ആൻേറർസൺ, ഡോ. റിച്ചേർഡ്കംസ് എന്നിവർ വ്യാപന പ്രസംഗങ്ങറം നടത്തിയ പ്രമുഖരിൽ ഉറംപ്പെടുന്നു.

കീടങ്ങറംക്കും രോഗങ്ങറംക്കുമെതിരെ പ്രതിരോധം വളർത്താനുതകുന്ന പ്രജനനപദ്ധതിയെക്കുറിച്ച് കോയമ്പത്തൂരിൽ നടന്ന ദേശീയ സെമിനാറിൽ ഡോ. വി. ജി. നായർ. ഡോ. ആർ. ഗോപിമണി എന്നിവർ പങ്കെടുത്തു. ഡോ. ഗോപിമണി, ഡെൽഹിയിൽ നടന്ന ഇൻറർനാഷനൽ ജനററിക്സ് കോൺഗ്രസ്സിലും പങ്കെടുക്കുകയുണ്ടായി. ഡോ. ഏ. എൻ. രമാദേവി കോയമ്പത്തൂരിൽ ഡ്രിപ് ഇറിഗേഷനെക്കുറിച്ചു നടന്ന ദേശീയ സെമിനാറിൽ സംബന്ധിക്കുകയുണ്ടായി. അക്കോളയിൽ നടന്ന അഖിലേന്ത്യാ ഏകോപിത ഗവേഷണ പദ്ധതിയുടെ ശിൽപ്പശാലയിൽ ഡോ. ആർ. എസ്. അയ്യരും ഡോ. എൽ. പ്രേമയും പങ്കെടുത്തു. ജമ്മുവിലെ സി. എസ്. ഐ. ആർ. മേഖലാ ഗവേഷണ ലബോറട്ടറിയുടെ രജതജൂബിലിയാഘോഷങ്ങറംക്കനുബന്ധമായി നടന്ന സിംപോസിയത്തിൽ ഡോ. എം. സി. നായരും, ഡോ. എസ്. ഭവാനിദേവിയും പങ്കെടുക്കുകയുണ്ടായി.

നടപ്പുവർഷം കോളേജിൽ ബിരുദത്തിനു 270 പേരും ബിരുദാനന്തര പഠനത്തിന് 103 പേരും ഉണ്ട്. 74 പേർ അടിസ്ഥാന ബിരുദം നേടി. 19 പേർ മാസ്ററർ ബിരുദവും 4 പേർ ഡോക്ടറേററ് ബിരുദവും കരസ്ഥമാക്കി. നാഷനൽ മെറിററ് സ്കോളേർഷിപ്പടക്കമുള്ള സ്കോളർഷിപ്പുകറം 183 വിദ്യാർഥികറംക്കു നൽകുകയുണ്ടായി.

നടപ്പുവർഷം ലൈബ്രറിയിൽ 424 പുസ്തകങ്ങറം വാങ്ങി. 84 ആനുകാലിക പ്രസിദ്ധീകരണങ്ങറം വരുത്തി. പുസ്തകബാങ്ക് പദ്ധതിയിൽ 33 പുസ്തകങ്ങറം വിദ്യാർഥികറംക്ക് വിതരണം ചെയ്തു.

## ഹോർട്ടിക്കൾച്ചർ കോളേജ്, വെള്ളാനിക്കര

1972 ൽ ഹോർട്ടിക്കറംച്ചർ കോളേജ് സ്ഥാപിതമായി. കോളേജ് ക്യാമ്പസ്സിനാകെ 129 ഹെക്ടർ വിസ്തൃതിയുണ്ട്. കോളേജിനോടനുബന്ധിച്ച് രണ്ടു ഇൻസ്ട്രക്ഷണൽ ഫാമുകളുണ്ട്—മണ്ണുത്തിയിലും വെള്ളാനിക്കരയിലും.

റിപ്പോർട്ടുവർഷത്തിൽ ഡോ. പി. കെ. ഗോപാലകൃഷ്ണൻ അസോഷ്യേററ് ഡീനായി തുടർന്നു. 15 ഡിപ്പാർട്ടുമെൻറുകൾ കോളേജിൽ പ്രവർത്തിക്കുന്നുണ്ട്. മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന കോ–ഓപ്പറേഷൻ ആൻറ് ബാങ്കിങ്ങ് കോളേജ് ഹോർട്ടിക്കൾച്ചർ കോളേജിൻെറ ഭാഗമായിട്ടാണ് വർത്തിക്കുന്നത്.

ഹോർട്ടിക്കൾച്ചർ കോളേജിലെ അദ്ധ്യാപകർ ദേശീയതലത്തിലും അന്തർദേശീയ തലത്തിലും സംഘടിപ്പിക്കപ്പെട്ട ഒട്ടേറെ സെമിനാറുകളിൽ സംബന്ധിക്കുകയുണ്ടായി. ഡെറാഡൂണിൽ വൃക്ഷ ശാസ്ത്രത്തിൽ നടന്ന നാഷണൽ സിംപോസിയത്തിൽ ഡോ. എം. അരവിന്ദാക്ഷൻ പങ്കെടുത്തു. ഹിമാചൽ പ്രദേശിൽ നടന്ന 5–ാം അഖിലേന്ത്യാ നെമറ്റോളജി ശിൽപശാലയിൽ ഡോ. ടി എസ്. വെങ്കിടേശൻ സംബന്ധിച്ചു. ഇറിഗേഷനെക്കുറിച്ചു കോയമ്പത്തൂരിൽ നടന്ന ദേശീയ സെമിനാറിൽ പ്രൊ. ടി. പി. ജോർജ് പങ്കെടുത്തു. വാറംട്ടയറിൽ വെച്ചുനടന്ന ഒന്നാം ഇന്ത്യൻ അഗ്രോ–മെററീരിയോളജിക്കൽ കോൺഗ്രസ്സിൽ ഡോ. പി. ബാലകൃഷ്ണപിള്ള പങ്കെടുത്തു. ന്യൂഡെൽഹിയിൽ നടന്ന ബയോ മെററീരിയോളജി അന്താരാഷ്ട്ര കോൺഫറൻസിൽ എ. വി. ആർ. കേശവറാവു സംബന്ധിക്കുകയുണ്ടായി.

നടപ്പുവർഷം കാർഷിക ബിരുദത്തിനു 246 പേരും ഹോർട്ടിക്കൾച്ചർ ബിരുദത്തിനു 33 പേരും കോ ഓപ്പറേഷൻ ആൻറ് ബാങ്കിംഗ് ബിരുദത്തിനു 109 പേരുമടക്കം ആകെ 388 വിദ്യാർത്ഥികളുണ്ടായിരുന്നു. മാസ്ററർ ബിരുദത്തിനു അഗ്രിക്കൾച്ചറിൽ 35 പേരും ഹോർട്ടിക്കൾച്ചറിൽ 20 പേരും ഡോക്ടറേററിനു അഗ്രിക്കൾച്ചറിൽ ആറു പേരും ഹോർട്ടിക്കൾച്ചറിൽ രണ്ടു പേരും ഉണ്ടായിരുന്നു.

നാഷണൽ മെരിററ് സ്കോളർഷിപ്പുകൾക്കു 249 വിദ്യാർത്ഥികൾ അർഹത നേടി.

നടപ്പുവർഷം ലൈബ്രറിയിൽ ഒട്ടാകെ 2126 പുസ്തകങ്ങളുണ്ടായിരുന്നു. 136 ഇന്ത്യൻ ആനുകാലികങ്ങളും 74 വിദേശ ആനുകാലികങ്ങളും വരുത്തിയിരുന്നു.

# വെററിനറി കോളേജ്, മണ്ണുത്തി

1955 ലാണ് വെററിനറി കോളേജ്, തൃശൂരിനടുത്തുള്ള മണ്ണുത്തിയിൽ സ്ഥാപിതമായത്. 1972ൽ കാർഷിക സർവകലാശാല സ്ഥാപിതമായപ്പോൾ കോളേജ് സർവകലാശാലയുടെ ഒരു ഘടക കോളേജായി. 195 ഹെക്ടറാണു കോളേജ് ക്യാമ്പസിൻെറ വിസ്തൃതി.

നടപ്പുവർഷത്തിൽ ഡീനായി ഡോ. എം. കൃഷ്ണൻ നായർ തുടർന്നു. ഡോ. കെ. രാധാകൃഷ്ണൻ റിസർച്ച് കോ-ഓർഡിനേഷൻ പ്രൊഫസറായും ഡോ. ടി. ആർ. ശങ്കുണ്ണി അസിസ്റ്റൻറ് രജിസ്ട്രാർ (ടെക്നിക്കൽ) ആയും തുടർന്നു. കോളേജിൽ 19 ഡിപ്പാർട്ടുമെൻറുകരം ഉണ്ട്. തൃശൂരിലും മണ്ണുത്തിയിലും പ്രവർത്തിക്കുന്ന മൃഗാസ്പത്രികളും മണ്ണുത്തി കാമ്പസ്സിലുള്ള കന്നുകാലി വളർത്തൽ കേന്ദ്രവും കോഴിവളർത്തൽ കേന്ദ്രവും പന്നിവളർത്തൽ കേന്ദ്രവും കൃത്രിമ ബീജസങ്കലന കേന്ദ്രവും കോളേജിൻെറ അനുബന്ധ യൂണിററുകളായി വർത്തിക്കുന്നു.

കോളേജിലെ ശാസ്ത്രജ്ഞർ ഒട്ടേറെ ദേശീയ-അന്തർദേശീയ സെമിനാറുകളിൽ കോളേജിനെ പ്രതിനിധീകരിക്കുകയുണ്ടായി. ഡോ. എം. കൃഷ്ണൻ നായർ ഇന്ത്യൻ വെററിനറി റിസർച്ച് ഇൻസ്ററിററ്യൂട്ടിൽ നടന്ന നാഷണൽ അനിമൽ ഹെൽത്തു റിസർച്ചു വർക്കേഴ്സ് കോൺഫറൻസിൽ ആധ്യക്ഷം വഹിക്കുകയുണ്ടായി. ഹിസ്സാറിൽ നടന്ന ദേശീയ സെമിനാറിൽ ഡോ. പി. എ. ഉമ്മർ പങ്കെടുത്തു. പന്ത് നഗറിൽ നടന്ന അഖിലേന്ത്യാ സിംപോസിയത്തിൽ ഡോ. കെ. പ്രഭാകരൻ നായർ സംബന്ധിക്കുകയുണ്ടായി. കൽക്കട്ടയിൽ നടന്ന ഇരുപതാം ഡയറി ഇൻഡസ്ട്രി കോൺഫറൻസിൽ ഡോ. എം. സുബ്രഹ്മണ്യം പങ്കെടുത്തു. ഡൽഹിയിൽ നടന്ന ഇൻറർനാഷണൽ ജനററിക്സ് കോൺഗ്രസ്സിൽ ഡോ. ജി. മുകുന്ദൻ സംബന്ധിച്ചു. ഡൽഹിയിൽ സംഘടിപ്പിക്കപ്പെട്ട അഡൾട്ട് എജുക്കേഷൻ രംഗത്തെ മുഖ്യ പ്രവർത്തകരുടെ നാഷണൽ കോൺഫറൻസിലും മൈസൂറിൽ നടന്ന ഇന്ത്യൻ അഡൾട്ട് എജുക്കേഷൻ അസോസിയേഷൻെറ 36-ാം ദേശീയ സമ്മേളനത്തിലും ഡോ. ടി. ആർ. ശങ്കുണ്ണി സർവകലാശാലയെ പ്രതിനിധീകരിക്കുകയുണ്ടായി. മദിരാശിയിൽ നടന്ന അഡൾട്ട് എജുക്കേഷൻ പ്രവർത്തകരുടെ ദക്ഷിണേന്ത്യൻ മേഖലാ കോൺഫറൻസിലും ഡോ. ശങ്കുണ്ണി പങ്കെടുത്തു.

ഇന്ത്യൻ സൊസൈററി ഫോർ വെററിനറി സർജറിയുടെ 7-ാം വാർഷിക കൺവെൻഷൻ കോളേജിൽ നടന്നു. അതോടനുബന്ധിച്ച് വെററിനറി സർജറിയെക്കുറിച്ച് ഒരു അഖിലേന്ത്യാ സിംപോസിയവും സംഘടിപ്പിക്കുകയുണ്ടായി.

ബിരുദപഠനത്തിനു കോളേജിൽ 431 വിദ്യാർത്ഥികളുണ്ട്. ഇന്ത്യയിൽ മററു സംസ്ഥാനങ്ങളിൽ നിന്നും പുറം രാജ്യങ്ങളിൽ നിന്നുമായി 91 വിദ്യാർത്ഥികരം ബിരുദത്തിനായി ഇവിടെ പഠിക്കുന്നു. നടപ്പുവർഷം 49പേർ ഇവിടെ നിന്നു ബിരുദമെടുത്തു. മാസ്ററർ ബിരുദത്തിനു 72 പേരും ഡോക്ടറേററു ബിരുദത്തിനു 15 പേരും രജിസ്ററർ ചെയ്തിട്ടുണ്ട്. 22 പേർ മാസ്ററർ ബിരുദവും ഒരാരം ഡോക്ടറേററ് ബിരുദവും നടപ്പുവർഷം കരസ്ഥമാക്കി. നാഷണൽ മെറിററ്

സ്കോളർഷിപ്പടക്കമുള്ള സ്കോളർഷിപ്പുകൾ 212 പേർക്കു ലഭിച്ചു. ലൈബ്രറിയിൽ ആകെ 17830 പുസ്തകങ്ങളുണ്ട്, 172 ആനുകാലിക പ്രസിദ്ധീരണങ്ങൾ വരുത്തുന്നു. ബുക്ക്ബാങ്ക് പദ്ധതിയിൽ 380 പുസ്തകങ്ങൾ വാങ്ങുകയുണ്ടായി.

കോളേജിനോടനുബന്ധിച്ചുള്ള കന്നുകാലി വളർത്തുകേന്ദ്രത്തിൽ നടപ്പുവർഷാവസാനം 242 കന്നുകാലികളുണ്ടായിരുന്നു. ജഴ്സി, ബ്രൗൺസ്വിസ്സ്, ഹോംസ്റ്റെയിൻ ഇനങ്ങളിൽപ്പെട്ട ഇവയിൽ നിന്നു 19,76,675 കി. ഗ്രാം പാൽ നടപ്പു വർഷം ഉൽപ്പാദിപ്പിച്ചു. കോഴിവളർത്തൽ കേന്ദ്രത്തിൽ നടപ്പുവർഷം അവസാനത്തിൽ 6682 കോഴികളുണ്ടായിരുന്നു. ദിവസം ശരാശരി 636 മുട്ട ഉൽപ്പാദിപ്പിച്ചിരുന്നു. തൃശൂരിലെ മൃഗാസ്പത്രിയിൽ 24842 കേസ്സുകൾ ചികിൽസിച്ചു. 9392 കോഴികൾക്കു പ്രതിരോധ കുത്തിവെപ്പു നടത്തി. മണ്ണുത്തി മൃഗാസ്പത്രിയിൽ 11566 കേസ്സുകൾ ചികിൽസിച്ചു; 6174 കോഴികൾക്കു പ്രതിരോധ കുത്തിവെയ്പും നടത്തി.

# ഫിഷറീസ് കോളേജ്, പനങ്ങാട്

1979-80 സാമ്പത്തിക വർഷത്തിൽ സ്ഥാപിതമായ ഫിഷറീസ് കോളേജ് കൊച്ചിയിലെ പനങ്ങാട്ട് പ്രവർത്തിക്കുന്നു. നാലു വർഷ ബിരുദ കോഴ്സാണ് ഇപ്പോഴവിടെ നടത്തുന്നത്. 30 വിദ്യാർത്ഥികൾക്കു വർഷാവർഷം പ്രവേശനം നൽകുന്നു. ഡോ. എം. ജെ. സെബാസ്റ്റ്യൻ ഫാക്കൽട്ടി ഡീനായി സേവനം തുടർന്നു. 7 ഡിപ്പാർട്ടുമെൻറുകൾ കോളേജിൽ പ്രവർത്തിക്കുന്നു. ഇപ്പോൾ 106 വിദ്യാർത്ഥികൾ അവിടെ പഠനം നടത്തുന്നു. മററു സംസ്ഥാനങ്ങളിൽ നിന്നും ശ്രീലങ്ക, ലക്ഷദ്വീപ് എന്നിവിടങ്ങളിൽനിന്നുമുള്ള 6 പേരും അവിടെ പഠിക്കുന്നുണ്ട്. നാഷനൽ മെറിററ് സ്ക്കോളർഷിപ്പടക്കം വിവിധ സ്ക്കോളർഷിപ്പുകൾ 66 പേർക്കു നൽകി.

കോളേജ് ലൈബ്രറിയിൽ 5580 പുസ്തകങ്ങളുണ്ട്, 57 ആനുകാലിക പ്രസിദ്ധീകരണങ്ങൾ വരുത്തുന്നു. കോളേജിനോടനുബന്ധിച്ച് പുതുവയ്പിലുള്ള ഇൻസ്ട്രക്ഷണൽ ഫാമിനു 101 ഹെക്ടർ വിസ്തൃതിയുണ്ട്.

# കാർഷിക സാങ്കേതിക സ്ഥാപനം, തവനൂർ

1963ൽ സ്ഥാപിതമായ തവനൂരിലെ കാർഷിക സാങ്കേതിക സ്ഥാപനം 1975ൽ കാർഷിക സർവകലാശാല ഏറെറടുത്തു. ഇത് വിജ്ഞാന വ്യാപന ഡയറക്ടറുടെ നേരിട്ടുള്ള നിയന്ത്രണത്തിലാണ്. 40 ഹെക്ടർ വിസ്തൃതിയുണ്ട് കാർഷിക സാങ്കേതിക സ്ഥാപനത്തിൻെറ

ക്യാമ്പസിന്. 25 ഹെക്ടറോളം വരുന്ന ഇൻസ്ട്രക്ഷണൽ ഫാമിൽ ഒരു ഡയറി യൂണിററും ബീജസങ്കലനകേന്ദ്രവുമുണ്ട്. ദേശീയ കാർഷിക ഗവേഷണ പ്രോജക്ടിന്റെ ഉത്തരമേഖലയിലെ സബ്സെൻററായി പ്രവർത്തിക്കുന്ന കാർഷിക സാങ്കേതിക ഇൻസ്ററിററ്യൂട്ടിന്റെ മേധാവി ഡയറക്ടറാണ്: ശ്രീ. കെ. കരുണാകരൻ നാലു വർഷം ഡയറക്ടറായി തുടർന്നു. കാർഷിക സാങ്കേതിക സ്ഥാപനത്തിൽ രണ്ടു ഡിപ്ളോമ കോഴ്സുകൾ നടക്കുന്നു. കൃഷി ശാസ്ത്രത്തിലുള്ള ഡിപ്ളൊമയും അഗ്രിക്കംച്ചർ എഞ്ചിനീയറിങ്ങിലുള്ള ഡിപ്ളൊമയും. കാർഷിക ഡിപ്ളൊമ കോഴ്സിനു 161 പേരും അഗ്രിക്കംച്ചർ എഞ്ചിനീയറിങ്ങിനു 63 പേരും ചേർന്നു പഠിക്കുന്നു. നടപ്പുവർഷം 43 പേർ കൃഷിശാസ്ത്ര ഡിപ്ളൊമ കരസ്ഥമാക്കി. മെറിററ് സ്കോളർഷിപ്പടക്കമുളള വിവിധ വിദ്യാഭ്യാസാനുകൂല്യങ്ങൾ 156 പേർ നേടി.

ലൈബ്രറിയിൽ 14623 പുസ്തകങ്ങളുണ്ട്. 29 ആനുകാലിക പ്രസിദ്ധീകരണങ്ങൾ വരുത്തുന്നുണ്ട്. []

# ഗവേഷണം

പ്രശ്നാധിഷ്ഠിത ഗവേഷണത്തിനു ഊന്നൽ നൽകിക്കൊണ്ടാണ് സർവകലാശാലയുടെ ഗവേഷണ പരിപാടികൾ ആസൂത്രണം ചെയ്തിരിക്കുന്നത്. സർവകലാശാലയുടെ ഈ ഗവേഷണ യത്നങ്ങൾക്കു ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലും ലോക ബാങ്കു പോലുള്ള സംഘടനകളും സഹായധനം നൽകുന്നുണ്ട്. മേഖലാ ഗവേഷണ കേന്ദ്രങ്ങൾ പ്രവർത്തനം തുടർന്നു—ഉത്തരമേഖലയിൽ പിലിക്കോട്ടും മധ്യമേഖലയിൽ പട്ടാമ്പിയിലും പ്രശ്ന മേഖലയിൽ കുമരകത്തും ദക്ഷിണ മേഖലയിൽ വെള്ളായണിയിലും, അഞ്ചാമതൊരു മേഖല—ഹൈറേഞ്ചുകൾക്കായി അമ്പലവയൽ കേന്ദ്രവും പാമ്പാടും പാറ ഉപകേന്ദ്രവുമാക്കി—നടപ്പുവർഷം പ്രവർത്തനമാരംഭിച്ചു. സാങ്കേതികവും ഭരണപരവുമായ നിയന്ത്രണം അതതു കേന്ദ്രത്തിലെ അസോസിയേറ്റ് ഡയറക്ടർമാർക്കു നൽകി; ഗവേഷണ ഡയറക്ടർ. പരിപാടികളുടെ മൊത്തം മേൽനോട്ടവും നിയന്ത്രണവും നിർവഹിച്ചുപോന്നു. ഗവേഷണ പരിപാടികൾ പൊതുവെ നാലു വകുപ്പുകളായി വിഭജിച്ചിരിക്കുന്നു: വിളസംവർധനം, വിളവുൽപാദനം. വിളസംരക്ഷണം, സാമൂഹിക ശാസ്ത്രം എന്നിങ്ങനെ.

കൃഷിശാസ്ത്ര ഫാക്കൽട്ടിയിൽ 17 പ്രോജക്ട് കോഓർഡിനേഷൻ ഗ്രൂപ്പുകളും വെറ്ററിനറി ഫാക്കൽട്ടിയിൽ 7 പ്രോജക്ട് കോഓർഡിനേഷൻ ഗ്രൂപ്പുകളും പ്രവർത്തനം തുടർന്നു.

ഗവേഷണ ഡയറക്ടറായി ഡോ. പി. സി. ശിവരാമൻനായർ നടപ്പുവർഷവും തുടർന്നു. ഡോ. ആർ. കല്യാണസുന്ദരം, ഡോ. സി. സി. എബ്രഹാം, പ്രൊ. പി. എൻ. പിഷാരടി എന്നിവർ അസോസിയേറ്റ് ഡയറക്ടർമാരായി തുടർന്നു. ഡോ. (മിസ്സിസ്) മേരി കെ. ജോർജ് 22–9–83 മുതൽ അസോസിയേറ്റ് ഡയറക്ടറുടെ തസ്തികയിൽ പ്രൊഫസറായി ചേർന്നു.

അഗ്രിക്കൾച്ചർ ഫാക്കൽട്ടി റിസർച്ച് കമ്മിററി രണ്ടു തവണ സമ്മേളിച്ച് 157 ഗവേഷണ പ്രോജക്ടുകൾക്ക് അനുമതി നൽകി. വെററിനറി ഫാക്കൽട്ടി റിസർച്ച് കമ്മിററിയും രണ്ടു തവണ സമ്മേളിച്ച് 15 ഗവേഷണ പ്രോജക്ടുകൾക്ക് പ്രവർത്തനാനുമതിനൽകി.

## ദേശീയ കാർഷിക ഗവേഷണ പ്രൊജക്ട്

ഹൈറേഞ്ച് മേഖലയിൽ ദേശീയ കാർഷിക ഗവേഷണ പ്രോജക്ട് നടപ്പാക്കാൻ സെപ്ററംബറിൽ അനുമതി ലഭിച്ചു. അമ്പലവയൽ മുഖ്യ കേന്ദ്രമായും പാമ്പാടുംപാറ ഉപകേന്ദ്രമായുമുള്ള പദ്ധതിയിൽ അസോഷ്യേററ് ഡയറക്ടറായി പ്രൊ. കെ. കണ്ണൻ ചാർജെടുത്തു. വെള്ളായണി കാർഷിക കോളേജ് കേന്ദ്രമായി പ്രവർത്തിക്കുന്ന ദക്ഷിണ മേഖലാ പദ്ധതിയിൽ അസോഷ്യേററ് ഡയറക്ടറായി പ്രൊ. ഏ. ജി. ജി. മേനോൻ 26.10.83 വരെ തുടർന്നു. നടപ്പുവർഷം പിന്നീടുള്ളകാലം ഡോ. എൻ. മോഹനകുമാരൻ അസോഷ്യേററ് ഡയറക്ടറായി സേവനമനുഷ്ഠിച്ചു. പട്ടാമ്പി കേന്ദ്രമായുള്ള മധ്യമേഖലാ പ്രോജക്ടിൻെറ അസോഷ്യേററ് ഡയറക്ടറായി ശ്രീ. എൻ. രാജപ്പൻനായരും കുമരകം കേന്ദ്രമായി പ്രവർത്തിക്കുന്ന പ്രശ്നമേഖലാ പ്രോജക്ടിൻെറ ചാർജിൽ ശ്രീ. മുഹമ്മദുകുഞ്ഞും തുടർന്നു. പീലിക്കോട് കേന്ദ്രമായുള്ള ഉത്തര മേഖലാ പ്രോജക്ടിൻെറ ചാർജ് 30–6–83 മുതൽ ഡോ. ആർ. രവീന്ദ്രൻനായർക്കാണ്.

കേരള കൃഷിവികസന പ്രോജക്ടു നടപ്പുവർഷം പ്രവർത്തനം തുടർന്നു. പശ്ചിമഘട്ട ഗവേഷണ പ്രൊജക്ടിനുള്ള അനുമതിയും നടപ്പുവർഷം ലഭ്യമായി.

നടപ്പുവർഷം ഐ. സി. ഏ. ആർ. മൂന്നു അഡ്ഹോക് പ്രോജക്ടുകൾക്ക് അനുമതി നൽകി. മൂന്ന് പ്രോജക്ടുകൾ ഔപചാരികമായി അനുമതി കാത്തുകൊണ്ടിരിക്കുന്നു. നടപ്പുവർഷം വേറെ 12 പോജക്ടുകൾ ഐ.സി.ഏ.അറിൻെറ അനുമതിക്കു സമർപ്പിച്ചിട്ടുണ്ട്

2000 ഏ. ഡി.വരെയുള്ള കാലയളവിൽ ഗവേഷണ രംഗത്തുണ്ടാവാനുള്ള വളർച്ചയെ സമഗ്രമായി അഭിവീക്ഷിക്കുന്ന ഒരു മാസ്ററർപ്ളാൻ തയ്യാറാക്കിയിട്ടുണ്ട്. ഏഴാംപദ്ധതിയിൽ ഏറെറടുക്കുവാനുള്ള ഗവേഷണ പരിപാടികളെ കുറിച്ചുള്ള ചർച്ചയും നടത്തി.

വെറൈററി റിലീസ് കമ്മററി നാല് നെൽവിത്തുകൾ സ്റേററ് വെറൈററി റിലീസ് കമ്മററിയുടെ പരിഗണനക്കു ശുപാർശ ചെയ്തു.

*മേഖലാ കാർഷിക ഗവേഷണകേന്ദ്രം, പിലിക്കോട്*

1972 ൽ സർവകലാശാല ഏറ്റെടുത്ത നീലേശ്വരം, പിലിക്കോട് ഗവേഷണ കേന്ദ്രങ്ങൾ 1981 ൽ ദേശീയ കാർഷിക ഗവേഷണ പ്രോജക്ടിന്റെ പരിധിയിൽ കൊണ്ടുവന്നു. ഇന്ന് ആ കേന്ദ്രങ്ങൾ ഉത്തര കേരളത്തിന്റെ ദേശനിർദിഷ്ടമായ കാർഷിക പ്രശ്നങ്ങൾക്കു പോംവഴി കാണാനുള്ള ഗവേഷണ യത്നങ്ങളിൽ മുഴുകിയിരിക്കുന്നു. ഡോ. ആർ. ആർ. നായർ അസോഷ്യേററ് ഡയറക്ടറുടെ ചുമതല നിർവഹിച്ചു. നടപ്പുവർഷം 64 ഗവേഷണ പദ്ധതികൾ ഏറെറടുത്തിട്ടുണ്ട്.

*മേഖലാ കാർഷിക ഗവേഷണ കേന്ദ്രം, അമ്പലവയൽ*

വയനാട് കോളനൈസേഷൻ പദ്ധതിയുടെ ഭാഗമായി 1946ൽ സ്ഥാപിക്കപ്പെട്ട അമ്പലവയൽ കാർഷിക ഗവേഷണകേന്ദ്രം സർവകലാശാല ഏറെറടുത്തു. 1983 ൽ ഹൈറേഞ്ചുകൾക്കുള്ള ദേശീയ കാർഷിക ഗവേഷണ കേന്ദ്രമാക്കി വളർത്തിയെടുത്തു. പ്രൊ. കെ. കണ്ണൻ അസോഷ്യേററ് ഡയറക്ടറായി തുടരുന്നു. നടപ്പുവർഷം 19 ഗവേഷണ പ്രോജക്ടുകൾ ഏറെറടുത്തു.

*കശുമാവു ഗവേഷണ കേന്ദ്രം, ആനക്കയം*

1963 ൽ ആനക്കയത്തു സ്ഥാപിതമായ കശുമാവു ഗവേഷണ കേന്ദ്രം കശുമാവിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാനുള്ള ഗവേഷണങ്ങൾക്കു മുൻതൂക്കം നൽകുന്നു. ഡോ. എം. എൻ. സി. നായർ ഈ കേന്ദ്രത്തിന്റെ മേധാവിയായി നടപ്പുവർഷം തുടർന്നു. 5 ഗവേഷണ പ്രോജക്ടുകൾ അവിടെ ഏറെറടുത്തിട്ടുണ്ട്.

*കുരുമുളകു ഗവേഷണകേന്ദ്രം, പന്നിയൂർ*

പന്നിയൂർ ഗവേഷണ കേന്ദ്രത്തിനു 26 ഹെക്ടർ വിസ്തൃതിയുണ്ട്. കുരുമുളകു ഗവേഷണമാണ് മുഖ്യമായും ഏറെറടുത്തിട്ടുള്ളത്. 12 ഹെക്ടർ വിസ്തൃതിയിൽ കുരുമുളകുകൃഷി ചെയ്യപ്പെടുന്നു. ശ്രീ. വി. സുകുമാരപിള്ള കേന്ദ്രത്തിന്റെ മേധാവിയായി തുടർന്നു. ഒട്ടാകെ 19 ഗവേഷണ പ്രോജക്ടുകൾ ഏറെറടുത്തു നടപ്പാക്കിയിട്ടുണ്ട്.

*മേഖലാ കാർഷിക ഗവേഷണ കേന്ദ്രം, പട്ടാമ്പി*

1917 ൽ സ്ഥാപിതമായ പട്ടാമ്പി നെല്ലുഗവേഷണ കേന്ദ്രം സർവകലാശാല ഏറെറടുത്ത് ഇപ്പോൾ മദ്ധ്യമേഖലാ കാർഷിക ഗവേഷണ കേന്ദ്രമാക്കിയിരിക്കുന്നു. ശ്രീ. എൻ. രാജപ്പൻനായർ അസോഷ്യേററ് ഡയറക്ടറായി നടപ്പുവർഷം തുടർന്നു. ഒരു വിത്തുപരിശോധനാ ലബോറട്ടറി ഇവിടെ പ്രവർത്തിക്കുന്നു. 20 ഓളം പശുക്ക

ളുള്ള ഒരു ഡയറി യൂണിററും 100 ഓളം കോഴികളുള്ള ഒരു കോഴി വളർത്തൽ കേന്ദ്രവുമുണ്ട്. 73 ഗവേഷണ പ്രോജക്ടുകൾ ഇവിടെ നടപ്പാക്കി വരുന്നു. 20 പ്രോജക്ടുകൾ സമാപിച്ചു. 12 എണ്ണം പുതുതായി പ്രവർത്തനം തുടങ്ങി.

*അഗ്രോണമിക് റിസർച്ച് സ്റേറഷൻ, ചാലക്കുടി*

1962 ൽ ആരംഭിച്ച ഈ കേന്ദ്രം 1973 ൽ സർവകലാശാല ഏറെറടുത്തു. 8·95 ഹെക്ടർ വിസ്തൃതിയുള്ള ഈ കേന്ദ്രത്തിൽ വിള സമ്പ്രദായങ്ങളെക്കുറിച്ചുള്ള ഗവേഷണങ്ങൾക്കു പ്രാമുഖ്യം കൈവന്നിരിക്കുന്നു. ഡോ. ജി. രവീന്ദ്രനാഥൻപിള്ള കേന്ദ്രത്തിൻെറ മേധാവിയായി നടപ്പുവർഷം തുടർന്നു. 15 ഗവേഷണ പ്രോജക്ടുകൾ നടത്തി വരുന്നു.

*നെല്ലു ഗവേഷണ കേന്ദ്രം, വൈററില*

1958-ൽ ആരംഭിച്ച വൈററില നെല്ലുഗവേഷണ കേന്ദ്രം സർവകലാശാല ഏറെറടുത്തതിനുശേഷം ഇപ്പോൾ ദേശീയ കാർഷിക ഗവേഷണ പദ്ധതിയുടെ പരിധിയിൽ പ്രത്യേക മേഖലയായി വർത്തിക്കുന്നു. ശ്രീ. പി. ജി. ടോമി കേന്ദ്രത്തിൻെറ മേധാവിയായി തുടരുന്നു. 22 ഗവേഷണ പ്രോജക്ടുകൾ ഏറെറടുത്തിട്ടുണ്ട്.

*ഏലം ഗവേഷണ കേന്ദ്രം, പാമ്പാടുംപാറ*

1956—ൽ ആരംഭിച്ച പാമ്പാടുംപാറ ഏലം ഗവേഷണ കേന്ദ്രം 1972—ൽ സർവകലാശാല ഏറെറടുത്തു. ഈ ഗവേഷണ കേന്ദ്രത്തിൻെറ മേധാവിയായി ഡോ. പി. കരുണാകരൻ തുടർന്നു. 17 ഗവേഷണ പദ്ധതികൾ ഏറെറടുത്ത് നടത്തുന്നു.

*സുഗന്ധ—ഔഷധ സസ്യഗവേഷണകേന്ദ്രം, ഓടക്കാലി*

1951ലാണ് ഈ കേന്ദ്രം സ്ഥാപിതമായത്. 1972-ൽ സർവകലാശാല ഏറെറടുത്തു. ആകെ വിസ്തീർണ്ണം 12.4 ഹെക്ടർ. സുഗന്ധ—ഔഷധ സസ്യങ്ങളെ കുറിച്ചുള്ള ഗവേഷണങ്ങൾക്കു പ്രാമുഖ്യം നൽകുന്നു. 11 ഗവേഷണ പ്രോജക്ടുകളിൽ ഗവേഷണം നടത്തുന്നു.

*മേഖലാ കാർഷിക ഗവേഷണ കേന്ദ്രം, കുമരകം*

1947 ൽ സ്ഥാപിതമായ ഈ കേന്ദ്രം 1972 ൽ സർവകലാശാല ഏറെറടുത്തു. 1982 ൽ മേഖലാ കാർഷിക ഗവേഷണ കേന്ദ്രമാക്കി ഉയർത്തി. മൊത്തം വിസ്തീർണ്ണം 44.49 ഹെക്ടർ. പ്രൊ. യു. മുഹമ്മദുകുഞ്ഞ് കേന്ദ്രത്തിൻെറ മേധാവിയായി തുടരുന്നു. കാററുവീഴ്ചയെക്കുറിച്ചുള്ള ഗവേഷണ പദ്ധതി ഈ കേന്ദ്രത്തിൻെറ കീഴിലാണ് പ്രവർത്തിക്കുന്നത്. 46 ഗവേഷണ പ്രൊജക്ടുകൾ ഇവിടെ നടപ്പാക്കിക്കൊണ്ടിരിക്കുന്നു.

*വാഴ ഗവേഷണകേന്ദ്രം, കണ്ണാറ*

1963 ൽ സ്ഥാപിതമായി. ശ്രീ പി. എ. വർഗ്ഗീസാണ് കേന്ദ്രത്തിന്റെ മേധാവി. 33 ഗവേഷണ പദ്ധതികൾ ഏറ്റെടുത്തു നടത്തുന്നു.

*കമാൻറ് ഏരിയ ഗവേഷണ കേന്ദ്രം, വെള്ളാനിക്കര*

1979 ൽ സ്ഥാപിതമായി. അനുയോജന ഗവേഷണങ്ങൾക്കു നേതൃത്വം നൽകുക, പ്രദർശനത്തോട്ടങ്ങൾ സജ്ജമാക്കുക എന്നിവയാണ് ലക്ഷ്യങ്ങൾ. പ്രൊ. എ. ഐ. തോമസ് ഈ കേന്ദ്രത്തിന്റെ മേധാവിയായി തുടർന്നു. ഏഴ് ഐ. സി. എ. ആർ. പദ്ധതികൾ നടപ്പുവർഷം ഏറ്റെടുത്തു.

*നെല്ലു ഗവേഷണ കേന്ദ്രം, മങ്കൊമ്പ്*

1940 ൽ സ്ഥാപിതമായി. 1972 ൽ സർവകലാശാല ഏറ്റെടുത്തു. ആകെ വിസ്തീർണ്ണം 8.7 ഹെക്ടർ. ഡോ. എം. ജെ. തോമസ് കേന്ദ്രത്തിന്റെ മേധാവിയായി തുടർന്നു. 52 ഗവേഷണ പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്.

*കരിമ്പു ഗവേഷണകേന്ദ്രം, തിരുവല്ല*

1975 ൽ ആരംഭിച്ചു. 20 ഗവേഷണ പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുണ്ട്. 10 എണ്ണം ഐ. സി. എ. ആറിന്റെയും 10 എണ്ണം സർവകലാശാലയുടേയും.

*അഖിലേന്ത്യാ കാർഷിക ഗവേഷണപദ്ധതി, കരുമാടി*

ഐ. സി. എ. ആറിന്റെ ധനസഹായത്തോടെ 1981 ൽ ആരംഭിച്ചു. ശ്രീ യു. ജയകുമാരൻ ഈ പദ്ധതിയുടെ നടത്തിപ്പിനു നേതൃത്വം നൽകുന്നു.

*നെല്ലു ഗവേഷണ കേന്ദ്രം, കായംകുളം*

1937 ൽ സ്ഥാപിതമായ ഈ കേന്ദ്രം 1972 ൽ സർവകലാശാല ഏറ്റെടുത്തു. ശ്രീ. കെ. ബാലകൃഷ്ണപിള്ള ഈ കേന്ദ്രത്തിന്റെ തലവനായി തുടർന്നു. 25 ഗവേഷണ പ്രോജക്ടുകൾ നടപ്പാക്കി വരുന്നു.

*അഖിലേന്ത്യാ കാർഷിക ഗവേഷണപദ്ധതി, മാടക്കത്ര*

അത്യുൽപാദനശേഷിയുള്ള കശുമാവിനങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനുവേണ്ടി രൂപം കൊടുത്ത ഈ പദ്ധതിയുടെ തലവൻ ശ്രീ പി. ജി. വീരരാഘവനാണ്. 9 ഐ. സി. എ. ആർ. പദ്ധതികൾ നടപ്പുവർഷം ഏറ്റെടുത്തു.

### ബഹുസംസ്ഥാന കശുമാവു ഗവേഷണപദ്ധതി, മാടക്കത്ര

ലോകബാങ്കിൻെറ ധനസഹായമുള്ള ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം കശുമാവിൻെറ കായിക പ്രവർധനത്തിൻെറ മാനകീകരണമാണ്. ശ്രീ എസ്. ബാലകൃഷ്ണനാണ് ഈ പദ്ധതിയുടെ തലവൻ.

### കാർഷിക ഗവേഷണ കേന്ദ്രം, മണ്ണുത്തി

1957 ൽ സ്ഥാപിതമായ ഈ കേന്ദ്രം സർവകലാശാല ഏറെറടുത്തു. ഇത് ഗവേഷണ കേന്ദ്രവും പരിശീലന ഫാമുമാണ്. പ്രൊ. ടി. എഫ്. കുരിയാക്കോസ് കേന്ദ്രത്തിൻെറ മേധാവിയായി തുടർന്നു.

### വിള വ്യവസ്ഥാ ഗവേഷണ കേന്ദ്രം, കരമന

1955 ൽ ആരംഭിച്ചു. 1972 ൽ സർവകലാശാല ഏറെറടുത്തു. ഡോ. ഇ. താജുദീനാണ് കേന്ദ്രത്തിൻെറ മേധാവി. എട്ട് ഗവേഷണ പദ്ധതികൾ ഏറെറടുത്തു നടപ്പാക്കുന്നു.

### നാളികേര ഗവേഷണ കേന്ദ്രം, ബാലരാമപുരം

1983 ൽ സ്ഥാപിതമായി. ശ്രീ. കെ. ശിവശങ്കരപിള്ളയാണ് മേധാവി. അഞ്ച് ഗവേഷണപദ്ധതികൾ ഏറെറടുത്തു.

### ദക്ഷിണ മേഖലാ കാർഷിക ഗവേഷണ കേന്ദ്രം, വെള്ളായണി

1982 ൽ ആരംഭിച്ചു. ഡോ. എൻ. മോഹനകുമാരനാണ് ഈ കേന്ദ്രത്തിൻെറ മേൽനോട്ടം വഹിക്കുന്നത്. 59 ഗവേഷണ പദ്ധതികൾ ഏറെറടുത്തു നടത്തുന്നു.

### കീടങ്ങളുടേയും കളകളുടേയും ജൈവനിയന്ത്രണത്തിനുള്ള അഖിലേന്ത്യാ പദ്ധതി, വെള്ളാനിക്കര

1977 ൽ പ്രവർത്തനം തുടങ്ങി. ഡോ. പി. ജെ. ജോയിയാണ് പദ്ധതിയുടെ മേൽനോട്ടം.

### കിഴങ്ങുവിള മെച്ചമാക്കാനുള്ള അഖിലേന്ത്യാ പദ്ധതി, വെള്ളാനിക്കര

1976 ൽ ആരംഭിച്ചു. ഡോ. സി. ടി. അബ്രഹാമാണ് പദ്ധതിയുടെ തലവൻ. 4 ഐ. സി. ഏ. ആർ. പദ്ധതികൾ നടപ്പാക്കി വരുന്നു.

### കുരുമുളകു ഗവേഷണ സ്കീം, വെള്ളാനിക്കര

1975 ൽ തുടങ്ങി. ഡോ. അമ്പിളിചിരൻ മേൽനോട്ടം വഹിക്കുന്നു.

### കന്നുകാലി ഗവേഷണ കേന്ദ്രം, തിരുവാഴാംകുന്ന്

1949 ൽ സ്ഥാപിതമായി. 163 ഹെക്ടർ വിസ്താരമുള്ള ഈ ഫാം 1972 ൽ സർവകലാശാല ഏററെടുത്തു. അഗ്രോഫോറസ്ട്രീയിൽ ഒരു അഖിലേന്ത്യാ പദ്ധതി 1983 ൽ തുടങ്ങി. ഡോ. പി. പി. ബാലകൃഷ്ണനാണ് കേന്ദ്രത്തിന്റെ മേധാവി.

### ഗോസംവർധനകേന്ദ്രം, തുമ്പൂർമൂഴി

1957 ൽ സ്ഥാപിക്കപ്പെട്ട ഈ കേന്ദ്രം സർവകലാശാല 1972 ൽ ഏററെടുത്തു. 25 ഹെക്ടർ വിസ്തീർണ്ണമുണ്ട്.

### പന്നിവളർത്തൽ കേന്ദ്രം, മണ്ണുത്തി

1965 ൽ ആരംഭിച്ചു. പന്നിവളർത്തലിന്റെ വിവിധ വശങ്ങളെക്കുറിച്ചു ഗവേഷണം നടത്തുന്നു. ഡോ. കുര്യൻ തോമസാണു കേന്ദ്രത്തിന്റെ മേധാവി

### സർവകലാശാലാ കോഴി–താറാവു വളർത്തുകേന്ദ്രം, മണ്ണുത്തി

മുട്ടക്കോഴികളെ മുഖ്യമായും ഉല്പാദിപ്പിക്കുന്ന കേന്ദ്രമാണിത്. ഡോ. ഏ. ആർ. ശങ്കരനാഥൻ നായരാണ് കേന്ദ്രത്തിന്റെ തലവൻ. വീട്ടുമുററത്തു വളർത്താനുതകുന്ന ഒരു സങ്കരയിനം കോഴിയെ ഉരുത്തിരിച്ചെടുത്തിട്ടുണ്ട്.

### മുട്ടക്കോഴിയുൽപാദനത്തിനുള്ള അഖിലേന്ത്യാ പദ്ധതി, മണ്ണുത്തി

1977 ൽ ആരംഭിച്ചു. കേരളത്തിനു അനുയോജ്യമായ ഒരു വർഗത്തെ ഉൽപാദിപ്പിച്ചെടുക്കുക എന്നതാണു ലക്ഷ്യം. ഡോ. ഏ. കെ. കെ. ഉണ്ണിയാണു പദ്ധതിയ്ക്കു നേതൃത്വം നൽകുന്നത്.

### ആടുഗവേഷണത്തിനുള്ള അഖിലേന്ത്യാ പദ്ധതി, മണ്ണുത്തി

1972 ൽ ആരംഭിച്ചു. കേരളത്തിനു പററിയ മികച്ച ഉൽപാദനശേഷിയുള്ള ഒരിനം ആടിനെ ഉൽപാദിപ്പിച്ചെടുക്കുക ആണു പദ്ധതിയുടെ ലക്ഷ്യം. ഡോ. ബി. ആർ. കൃഷ്ണൻ നായരാണു പദ്ധതിയുടെ തലവൻ.

### *കാർഷികോൽപന്നങ്ങൾ ഉപയോഗയോഗ്യമാക്കാനുള്ള അഖിലേന്ത്യാ പദ്ധതി, മണ്ണുത്തി*

കാർഷിക വ്യാവസായിക അവശിഷ്ടങ്ങൾ ഉപയോഗിച്ചു കൊണ്ടു കാലിത്തീററ സ്വരൂപിച്ചെടുക്കാനുള്ള ഈ പദ്ധതിയുടെ തലവൻ ഡോ. പി. രാമചന്ദ്രനാണ്.

### *ഫിഷറീസ് ഗവേഷണ പദ്ധതികൾ*

വൈററില നെല്ലു ഗവേഷണ കേന്ദ്രത്തോടനുബന്ധിച്ചും കുമരകം കേര ഗവേഷണ കേന്ദ്രത്തോടനുബന്ധിച്ചും മങ്കൊമ്പു നെല്ലുഗവേഷണ കേന്ദ്രത്തോടനുബന്ധിച്ചും ഫിഷറീസിൻെറ ഗവേഷണ യൂണിററുകൾ പ്രവർത്തിക്കുന്നു. വൈററിലയിലും കുമരകത്തും 9 ഗവേഷണ പ്രോജക്ടുകൾ വീതം ഏറെറടുത്തു നടപ്പിലാക്കി വരുന്നു.

# ഗവേഷണരംഗത്തെ നേട്ടങ്ങൾ

### *കൃഷി*

1. കൾച്ചർ 25100 (പി ടി ബി 44), കൾച്ചർ 1537–2 (എം ഒ 7) എന്നീ നെല്ലിനങ്ങൾ റിലീസ് ചെയ്തു.
2. കൾച്ചർ 93, കൾച്ചർ 126, കൾച്ചർ 169, കൾച്ചർ 170 എന്നിവ മിനികിററ് പരീക്ഷണങ്ങൾക്കു വേണ്ടി നൽകി.
3. ചാണകസത്ത് 15 ദിവസം ഇടവിട്ട് രണ്ടു വട്ടം സ്പ്രേ ചെയ്താൽ ബാക്ടീരിയൽ ലീഫ് ബ്ളൈററ് നിയന്ത്രണാധീതമാകുമെന്നു തെളിഞ്ഞു.
4. ഭദ്ര, ഭാരതി, ജഗന്നാഥ്, രാജേശ്വരി, കൾച്ചർ 4, അശ്വതി, പവിഴം എന്നിവയ്ക്ക് 0.05 ശതമാനം കറിയുപ്പിൽ 90 ശതമാനത്തിലേറെ മുളപൊട്ടിയതായി കണ്ടു.
5. മിററാപെക്സിൻെറ പിന്നാലെ ഫിനോസാൻ സ്പ്രേ ചെയ്യുന്നത് ഷീത്ത് ബ്ളൈററിനെ സമർത്ഥമായി നിയന്ത്രിക്കുമെന്നു വെളിവാക്കപ്പെട്ടു.
6. വെസ്ററ് കോസ്ററ് ടാൾ x ചാവക്കാട് ഡ്വാർഫ് ഗ്രീൻ, വെസ്ററ് കോസ്ററ് ടാൾ x മലയൻ ഡ്വാർഫ് ഗ്രീൻ എന്നീ സങ്കരയിനങ്ങൾ മേന്മയുടെ ലക്ഷണങ്ങൾ കാണിക്കുന്നവയാണെന്നു തെളിഞ്ഞു.
7. കുലയിലെ അവസാനത്തെ ഒന്നോ രണ്ടോ പടല ഉരിഞ്ഞു കളഞ്ഞാൽ കുലയിലെ ബാക്കി കായകൾക്ക് ഏറിയ വളർച്ചയുണ്ടാകുമെന്നു തെളിഞ്ഞു.

8. SM-1, SM-6 എന്നീ വഴുതനയിനങ്ങൾ Bacterial wilt നു നേരെ കനത്ത പ്രതിരോധശക്തി വളർത്തുന്നുണ്ടെന്നു കണ്ടു.

9. ചേനയ്ക്കിടയിൽ ഇടവിളയായി നിലക്കടലയേക്കാൾ മെച്ചം പയറാണെന്നു തെളിഞ്ഞു.

10. H 2304 ഇനം ചേന മികച്ച വിളവു തരുന്നതായി കണ്ടു.

11. HG 22 ഇനം പയറും JL 24 ഇനം നിലക്കടലയും തൃശൂർ–പാലക്കാട് ജില്ലകളിലെ കമാൻറ് ഏരിയയ്ക്ക് പററിയതാണെന്നു തെളിഞ്ഞു.

12. EC 116996 ഇനം നിലക്കടല ടിക്കരോഗത്തിനെ ചെറുത്തു നില്ക്കുമെന്നു കണ്ടു.

13. V 26, HG 22 എന്നീ പയറിനങ്ങൾ തെങ്ങിൻ തോട്ടത്തിൽ ഇടവിളയായി കൃഷിചെയ്യാമെന്നു തെളിഞ്ഞു.

14. അമ്ലത 5.5ൽ താഴെ വരുന്ന മണ്ണിൽ കുമ്മായം ചേർത്തിട്ടേ കരിമ്പു കൃഷി ചെയ്യാവൂ എന്നു കണ്ടിരിക്കുന്നു.

15. കററരോഗം പിടിപെട്ട ചെടികൾ ഉടനടി മാററുന്നത് ഏലത്തിലെ ഈ രോഗം ഒഴിവാക്കാനുള്ള നടപടിയായി കാണപ്പെടുന്നു.

16. തെങ്ങിൻതോട്ടത്തിൽ ഇടവിളയായി ഉപയോഗിക്കുമ്പോൾ ഏററവും മികച്ച വിളകൾ നൽകുന്നത് ശ്രീവിശാഖത്തിലുള്ള കപ്പ ഇനമാണെന്ന് കണ്ടിരിക്കുന്നു.

## മൃഗചികിൽസ, പരിപാലനം, കോഴിവളർത്തൽ

1. വ്യവസായികാടിസ്ഥാനത്തിൽ വളർത്തിയെടുക്കാവുന്ന ഒരിനം കോഴിയെ (IWP x IWF) ഉരുത്തിരിച്ചെടുത്തിരിക്കുന്നു.

2. ഹൈപ്പോതൈറോയ്ഡിസം എന്ന രോഗം ആടുകളിൽ പ്രത്യുല്പാദനത്തകരാറുകളുളവാക്കുമെന്നു കാണുന്നു.

3. താറാവുകളിലെ കാർബോഫ്യൂറാൻ വിഷബാധയ്ക്കുള്ള ചികിൽസാ പദ്ധതിയ്ക്ക് രൂപം നൽകി.

4. കോഴിവസന്ത പടർത്തുന്നതിൽ നിർബാധം പറന്നു നടക്കുന്ന പറവകൾക്ക് ഒരു പങ്കുണ്ടെന്നു തെളിഞ്ഞിരിക്കുന്നു.

5. കോഴിവസന്തയ്ക്കെതിരെ കുത്തിവെച്ചാലുണ്ടാവുന്ന പ്രതിരോധ ശക്തിയെ തളർത്താൻ വിരബാധകൾക്കും കോക്സീഡിയയ്ക്കെതിരെ കൊടുക്കുന്ന ഔഷധങ്ങൾക്കും കഴിവുണ്ടെന്നു തെളിഞ്ഞിരിക്കുന്നു.

□

# വിജ്ഞാന വ്യാപനം

സർവകലാശാലയിലെ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാനുള്ള സംവിധാനമാണ് വിജ്ഞാനവ്യാപന വിഭാഗം ഡയറക്ടറേററിനുള്ളത്. ഡോ. ഏ. ജി. ജി. മേനോനാണ് വിജ്ഞാനവ്യാപന ഡയറക്ടർ.

പരിശീലകരെ പരിശീലിപ്പിക്കുക എന്ന പരിപാടി വിജ്ഞാന വ്യാപന ഡയറക്ടറേററിന്റെ ഒരു പ്രധാന ചുമതലയാകുന്നു. നടപ്പുവർഷം 29 പരിശീലന പരിപാടികൾ ഏറെറടുത്തു നടത്തുകയുണ്ടായി. കാർഷിക വാർത്താ വിനിമയ പരിപാടികളും നടപ്പുവർഷം ഏറെറടുത്തു. കാർഷിക കറസ്പോണ്ടൻസ് കോഴ്സുകളും നടത്തി. ആനുകാലിക പ്രസിദ്ധീകരണങ്ങളും പുറത്തിറക്കുകയുണ്ടായി. സംസ്ഥാനത്താകെ നടപ്പുവർഷം 10 പ്രദർശനങ്ങൾ സംഘടിപ്പിച്ചു. ഫാം അഡൈ്വസറി സർവീസ് 36 ജില്ലാതല സെമിനാറുകൾ നടത്തി. പട്ടാമ്പിയിലെ കൃഷി വിജ്ഞാന കേന്ദ്രത്തിൽ 23 പരിശീലന പരിപാടികളും, അമ്പലവയലിലെ കൃഷിവിജ്ഞാന കേന്ദ്രത്തിൽ 14 പരിശീലന പരിപാടികളും സംഘടിപ്പിച്ചു.

ദേശീയ പ്രദർശന പദ്ധതി തൃശൂരിൽനിന്നും കൊല്ലംജില്ലയിലെ സദാനന്ദപുരത്തേയ്ക്ക് മാററി. നടപ്പുവർഷം ഈ പദ്ധതിയിൻ കീഴിൽ 14 കർഷകദിനങ്ങളും 12 സെമിനാറുകളും നടത്തുകയുണ്ടായി.

നിലമ്പൂരിലെ കെ. എ. യു. പ്രൊജക്ട് സെൻററിന്റെ നേതൃത്വത്തിലുള്ള സർവേ നടപ്പുവർഷം പൂർത്തിയാക്കി. ജവഹർ ഹരിജൻ കോളനിയിൽ വെററിനറി ക്യാമ്പ് സംഘടിപ്പിച്ചു.

പരീക്ഷണശാലയിൽ നിന്നു പാടത്തേയ്ക്ക് എന്ന പരിപാടിയിൻകീഴിൽ ഗ്രാമസമ്പർക്ക പരിപാടി ഊർജ്ജിതപ്പെടുത്തി. ഗ്രാമ സമ്പർക്ക പരിപാടിയിൽ നടപ്പുവർഷം വിൽവട്ടം ഗ്രാമം കൂടി ഉൾപ്പെടുത്തി. □

# എൻജിനീയറിങ്ങ്

വെള്ളാനിക്കരയിലുള്ള ഫിസിക്കൽ പ്ളാൻറ് ഡയറക്ടറേററും പിലിക്കോട്ടും പനങ്ങാട്ടുമുള്ള ഡിവിഷനുകളുമടങ്ങുന്നതാണ് സർവ കലാശാലയുടെ എൻജിനീയറിങ്ങ് വിഭാഗം. അഞ്ച് സബ് ഡിവിഷനുകളുണ്ട്. മൂന്നെണ്ണം വെള്ളാനിക്കരയിലും ഒന്നു മണ്ണുത്തിയിലും ഒന്നു വെള്ളായണിയിലും. കെട്ടിട നിർമ്മാണം, റോഡു നിർമ്മാണം, ഉപകരണങ്ങളും വാഹനങ്ങളും മററും വാങ്ങൽ എന്നിവയൊക്കെ ഫിസിക്കൽ പ്ളാൻറ് ഡയറക്ടറുടെ ചുമതലയിൽപ്പെടുന്നു. നടപ്പു വർഷം ശ്രീ കെ. ആർ. കൃഷ്ണപിള്ള ഫിസിക്കൽ പ്ളാൻറ് ഡയറക്ടറായി തുടർന്നു.

മെയിൻ ക്യാമ്പസിലെ സ്ററാഫ് ക്വാർട്ടേഴ്സ്, വെള്ളാനിക്കരയിലേയും തിരുവാഴാംകുന്നിലേയും ക്വാർട്ടേഴ്സുകൾ, പന്നിയൂരിലെ ഡെമോൺസ്ട്രേററർമാർക്കുള്ള ഹോസ്ററൽ എന്നിവ നടപ്പു വർഷം തീർത്ത മുഖ്യ ഇനങ്ങളാകുന്നു. പനങ്ങാട് ലേഡീസ് ഹോസ്ററലും, വെള്ളാനിക്കരയിൽ റേഡിയോ ഐസോട്ടോപ്പു ലബോറട്ടറിയും നടപ്പു വർഷം പണി തീർത്തു. വെള്ളാനിക്കരയിലെ ഫാമിലും പാമ്പാടുംപാറയിലും കരമനയിലും ജലസേചന സൗകര്യങ്ങൾ നടപ്പു വർഷം ഏർപ്പെടുത്തി. □

206922

# എസ്റ്റേററ്

സർവകലാശാലാ എസ്റ്റേററിന്റെ മൊത്തം വിസ്തീർണ്ണം 390 ഹെക്ടറോളം വരുന്നു. ഇതിൽ 149.3 ഹെക്ടർ കശുമാവ്, കൈതച്ചക്ക, ഫ്ളോറിക്കൾച്ചർ, ഫാം എന്നിവയ്ക്കായി നീക്കിവെച്ചിരിക്കുന്നു. 14 ഹെക്ടർ കേരള കാർഷിക വികസന പദ്ധതിക്കും 60 ഹെക്ടർ ബൊട്ടാനിക്കൽ ഗാർഡനും വിനിയോഗിക്കപ്പെടുന്നു. ഏകദേശം 20 ഹെക്ടർ കെട്ടിടങ്ങൾക്കും റോഡുകൾക്കും വേണ്ടി വന്നിരിക്കുന്നു. 135 ഹെക്ടറോളം റബർ കൃഷിയിടമാണ്.

നടപ്പു വർഷം 41,014.34 കിലോഗ്രാം റബർ ഉല്പാദിപ്പിച്ചു.

ശ്രീ കെ ടി. നാരായണൻ നമ്പ്യാരാണ് എസ്റ്റേററ് ഓഫീസർ.

□

# ധനകാര്യം

ശ്രീ എൻ. എം. അബ്ദുൾകാദിർ കംപ്ട്രോളറായി തുടർന്നു. 1130.84 ലക്ഷം രൂപ ചെലവും 1141.17 ലക്ഷം രൂപ വരവും പ്രതീക്ഷിക്കുന്ന ബഡ്ജററായിരുന്നു നടപ്പു വർഷത്തേത്. 998.68 ലക്ഷമാണ് നടപ്പു വർഷം ചെലവു വന്നത്.

സർവകലാശാലയുടെ റവന്യു മുഖ്യമായും സംസ്ഥാന സർക്കാരിൽ നിന്നുള്ള ഗ്രാൻറും ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിൽ നിന്നുള്ള സഹായധനവുമായിരുന്നു.

## ഓഡിററ് വിഭാഗം

17-8-83 വരെ ശ്രീ എ. വി. തോമസ് ആയിരുന്നു ഗവ. ഓഡിററർ; 17-8-83 ന് ശ്രീ കെ. ആർ. സുകുമാരൻ നായർ ഗവ. ഓഡിറററായി ചാർജ്ജെടുത്തു. 1979-80 വർഷത്തെ ഓഡിററ് പൂർത്തിയാക്കി. □

२०६१२२